(ബി)	1990-1991	(-)	422.02 കോടി രൂപ
	1995-1996	(-)	402.81 കോടി രൂപ
	1996-1997	(-)	643.03 കോടി രൂപ
	1997-1998	(-)	1,117.01 കോടി രൂപ
	1998-1999	(-)	2,027.49കോടി രൂപ
	1999-2000	(-)	3,624.21 കോടി രൂപ

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വർദ്ധിച്ച ഗ്രാന്റ്, കാർഷിക വിലയിടിവ് മൂലം റവന്യൂ വരുമാനത്തിൽ വന്നിട്ടുള്ള കുറവ്, സർക്കാർ ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത തുടങ്ങിയവയിലുള്ള ഭാരിച്ച വർദ്ധനവ് മുതലായവ മൂലമാണ്.

പ്രതീക്ഷിച്ച നികുതി വരുമാനം

136 (439) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വിൽപ്പന നികുതി, കാർഷികാദായ നികുതി, രജിസ്ട്രേഷൻ വകുപ്പിൽ നിന്നുള്ള വരവ്, അബ്കാരികളിൽ നിന്നുള്ള വരവ് എന്നീ ഓരോ ഇനത്തിലും എന്തു തുക വീതം കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നു ;

(ബി) ഓരോ വർഷവും ഓരോയിനത്തിലും എന്തു തുക വീതം പിരിഞ്ഞു കിട്ടി ;

(സി) നികുതിയിതര വരുമാനമായി ഈ കാലഘട്ടത്തിൽ ഓരോ വർഷവും എന്തു തുക വീതം കിട്ടുമെന്ന് പ്രതീക്ഷിച്ചു ;

(ഡി) യഥാർത്ഥത്തിൽ ഈയിനത്തിൽ ഓരോ വർഷവും പിരിഞ്ഞുകിട്ടിയ തുക എത്രയായിരുന്നു ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം, ഓരോ ഇനങ്ങളിലും പ്രതീക്ഷിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

(തുക കോടിയിൽ)

	1996-97	1997-98	1998-99	1999-2000	2000-2001
വിൽപ്പന നികുതി	2,500.00	3,276.00	3,828.00	4,144.00	4,516.00
കാർഷികാദായ നികുതി	28.73	30.00	26.00	29.65	32.00
രജിസ്ട്രേഷൻ	433.00	467.94	306.42	386.27	435.76

അബ്കാരി സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും ഓരോയിനത്തിലും പിരിഞ്ഞു കിട്ടിയ തുകയുടെ കണക്ക് താഴെ കൊടുക്കുന്നു.

(തുക കോടിയിൽ)

	1996-97	1997-98	1998-99	1999-2000	2000-2001
വില്പന നികുതി	2,772.38	3,084.08	3,366.62	3,853.54	അവസാന
കാർഷികാദായ നികുതി	12.10	21.37	27.02	14.18	കണക്കുകൾ
രജിസ്ട്രേഷൻ	315.57	279.10	295.51	335.00	അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായിട്ടില്ല

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

കെ.എസ്.എഫ്.ഇ.യുടെ ലാഭം

137 (442) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ. ലിമിറ്റഡ് 1999-2000 വർഷത്തിൽ എത്ര രൂപ ലാഭമുണ്ടായി എന്നു വ്യക്തമാക്കാമോ ;

(ബി) ഈ പൊതുമേഖലാ സ്ഥാപനം ഗവൺമെന്റിലേക്ക് എത്ര രൂപ ലാഭവിഹിതം നൽകി എന്നുള്ളത് വെളിപ്പെടുത്താമോ ;

(സി) കെ.എസ്.ഇ.ബി., എസ്.ബി.റ്റി.യിൽ നിന്നും 100 കോടി രൂപ ലോൺ എടുത്ത് ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ഡി) കെ.എസ്.എഫ്.ഇ. യിൽ നിന്നും ഗവൺമെന്റ് ലോണോ ട്രഷറി നിക്ഷേപമോ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര രൂപ എന്നും എന്തിനുവേണ്ടി എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ. 1,322 ലക്ഷം രൂപ ലാഭം പ്രതീക്ഷിക്കുന്നു. ആഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിലേക്ക് മൊത്തം 120 ലക്ഷം രൂപ (60 ലക്ഷം വീതം) ലാഭ വിഹിതമായി നീക്കി വച്ചിട്ടുണ്ട്. വാർഷിക പൊതുയോഗ കണക്കുകൾ പാസ്സാക്കിയ ശേഷമേ തുക സർക്കാരിന് ലഭിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly